# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1097  04.02.2019 ൽ മറുപടിക്ക്**

## ബൈപ്പാസുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) റോഡുകളിൽ നിലവിലുള്ള വാഹനത്തിരക്കിന്റെ പശ്ചാത്തലത്തിൽ വാഹനഗതാഗതത്തിൽ ഭാവിയിലുണ്ടാകാവുന്ന വർദ്ധന മുന്നിൽക്കണ്ട് റോഡുകൾ വികസിപ്പിക്കുന്നതിനും ബൈപ്പാസുകൾ നിർമ്മിക്കുന്നതിനും വിപുലമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ആലോചിക്കുമോ; | എ) തയ്യാറാക്കിയിട്ടുണ്ട്.<br>സംസ്ഥാനത്തെ ദേശീയപാതകൾ ഗതാഗത സാന്ദ്രത കണക്കിലെടുത്ത് വികസിപ്പിക്കുവാൻ കേന്ദ്ര മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എൻ.എച്ച്-544 ഉം എൻ.എച്ച്-66 ഉം നാല്/ആറ് വരിപ്പാതയായി വികസിപ്പിക്കുന്ന നടപടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം പുരോഗമിക്കുന്നു. മറ്റ് ദേശീയപാതകളായ എൻ.എച്ച്-85, 83, 185, 183 എ, 744, 766 & 966 എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതി സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖകൾ തയ്യാറാക്കുകയും താണാവ്-നാട്ടുകൽ (പാലക്കാട് ജില്ല) മൂന്നാർ-ബോഡിമെട്ട് (ഇടുക്കി ജില്ല) എന്നിവിടങ്ങളിലെ പ്രവൃത്തികൾ നടപ്പിലാക്കിയും വരുന്നു. ദേശീയപാതകൾ വികസിപ്പിക്കുമ്പോൾ ഭാവിയിലെ ഗതാഗതവും കണക്കിലെടുത്താണ് ഡിസൈൻ ചെയ്യുന്നത്. കൂടാതെ ബൈപ്പാസ് ആവശ്യമുള്ളിടത്ത് ബൈപ്പാസ് വിഭാവനം ചെയ്യുന്നുമുണ്ട്.<br><br>കാഞ്ഞിരപ്പള്ളി ബൈപ്പാസ്, കൊടുവായൂർ ബൈപ്പാസ്, പേരാമ്പ്ര ബൈപ്പാസ്, കുറ്റ്യാടി ബൈപ്പാസ്, കാസർഗോഡ് ബൈപ്പാസ്,പെരുമ്പാവൂർ ബൈപ്പാസ്, |

| | | | |
|---|---|---|---|
| | | | ഒറ്റപ്പാലം ബൈപ്പാസ്, പണ്ടാരപ്പറമ്പ് -ഉണ്ടോടികടവ് ബൈപ്പാസ്, ഓരോട്ടം പാലം-വൈലോങ്ങര ബൈപ്പാസ്, അങ്കമാലി ബൈപ്പാസ്എന്നീ പ്രവൃത്തികൾ കിഫ്ബി ധനസഹായത്തോടു കൂടി ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ഐ.ആർ.സി. സ്റ്റാന്റേർഡ് മാനദണ്ഡം അനുസരിച്ചാണ് കെ.ആർ.എഫ്.ബി റോഡുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തെരഞ്ഞെടുത്ത കൺസൾട്ടന്റ്സ് തയ്യാറാക്കുന്നത്. നിലവിലുള്ള ഗതാഗത തിരക്കും ഭാവിയിലെ ആവശ്യകതയും കണക്കിലെടുത്താണ് പദ്ധതികൾ തയ്യാറാക്കുന്നത്. |
| ബി) | സംസ്ഥാനത്തെ ദേശീയപാതകളിൽ ഇപ്പോൾ നടക്കുന്ന ബൈപ്പാസ് നിർമ്മാണങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | ബി) | ദേശീയപാതകളിൽ നിലവിൽ തലശ്ശേരി-മാഹി, കോഴിക്കോട്, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ബൈപ്പാസുകളുടെ നിർമ്മാണമാണ് നടക്കുന്നത്. |
| സി) | ദേശീയ-സംസ്ഥാന പാതകളിലെ ബൈപ്പാസ് നിർമ്മാണത്തിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | സി) | ദേശീയപാതകളിലും സംസ്ഥാന പാതകളിലും ബൈപ്പാസ് നിർമ്മാണം വൈകുവാൻ കാരണം സ്ഥലമെടുപ്പിൽ ഉണ്ടാകുന്ന കാലതാമസമാണ് (ബൈപ്പാസിന് ആവശ്യമായ സ്ഥലമോ, ബൈപ്പാസ് ഭാഗമായിട്ടുള്ള പദ്ധതിയുടെ മറ്റ് ഭാഗങ്ങളിലെ സ്ഥലമോ ലഭിക്കാതെ വരുന്ന സാഹചര്യം) ഭൂമി കൈമാറി ലഭ്യമാകുന്ന മുറയ്ക്ക് ബൈപ്പാസുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ട്. |
| ഡി) | ദേശീയ പാതയിലെ ബൈപ്പാസ് നിർമ്മാണങ്ങൾ ദ്രുതഗതിയിലാക്കുന്നതിൽ നാഷണൽ ഹൈവേ അതോറിറ്റി പിന്നാക്കം പോകാതിരിക്കാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഡി) | സ്ഥലം ഏറ്റെടുത്തിട്ടും നടപ്പിലാകാതെ കിടക്കുന്ന ബൈപ്പാസുകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകൾ ഉൾപ്പെടുന്ന ദേശീയപാത 85ന്റെ മറ്റക്കുഴി-മൂന്നാർ വികസനത്തിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കൽ കേന്ദ്ര മന്ത്രാലയം നിർത്താൻ ആവശ്യപ്പെട്ട സാഹചര്യത്തിൽ ഈ രണ്ടു ബൈപ്പാസുകളും പ്രത്യേകം പദ്ധതിയായി നടപ്പിലാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

ഇ) കൊല്ലം ബൈപ്പാസ് പൂർത്തിയാക്കാൻ 47 വർഷമെടുത്തത് മൂലമുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇത്തരം ദുരവസ്ഥ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഇ) കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം വൈകിയത് ഈ രണ്ട് ബൈപ്പാസുകളും ഉൾപ്പെട്ട ദേശീയപാത 66 ലെ ചേർത്തല-ഓച്ചിറ റീച്ചിന്റെ സ്ഥലം എടുക്കൽ പൂർത്തിയാകാത്തതിനാലായിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിൽ പൊതുജന സഹകരണം ഉറപ്പ് വരുത്താനുള്ള ആകർഷണീയമായ നഷ്ടപരിഹാര പാക്കേജ് ആണ് നിലവിലുള്ളത്.

സെക്ഷൻ ഓഫീസർ